**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 73** **01-02-2023 - ൽ മറുപടിയ്ക്ക്**

**ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കുവേണ്ടി ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടും (ടി.ഇ.എഫ്.ആർ) പാരിസ്ഥിതിക ആഘാത പഠന (ഇ.ഐ.എ റിപ്പോർട്ടും തയാറാക്കാൻ M/s ലൂയിസ് ബെർജർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ്നെ കൺസൾട്ടന്റ് ആയി സർക്കാർ നിയോഗിച്ചിരുന്നു. കൺസൾട്ടന്റ് തയ്യാറാക്കിയ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അന്തിമ രൂപം ജൂൺ 2022 ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് (MoCA) പദ്ധതിയുടെ സൈറ്റ് ക്ലിയറൻസിനും തത്വത്തിലുള്ള അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൻമേൽ കേന്ദ്ര വ്യോമയാന മന്ത്രാലയവും, ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, എയർപ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ എന്നീ ഏജൻസികളും നടത്തിയ നിരീക്ഷണങ്ങൾക്ക് മറുപടി കെഎസ്ഐഡിസി മുഖേന നല്കിയിരുന്നു.<br><br>പദ്ധതിയുടെ മാസ്റ്റർപ്ലാൻ അനുസരിച്ച് വിമാനത്താവളത്തിന് 3500 മീറ്റർ നീളമുള്ള റൺവേയും കോഡ്-ഇ വിമാനങ്ങളുടെ പ്രവർത്തനത്തിന് അനുയോജ്യവുമാണ്. കോട്ടയം-പത്തനംതിട്ട ജില്ലകളുടെ അതിർത്തിയിൽ എരുമേലി ടൗണിന് സമീപം ചെറുവള്ളി എസ്റ്റേറ്റിലും, എസ്റ്റേറ്റിന് പുറത്ത് കുറച്ച് അധിക ഭൂമിയിലുമായി, ഏകദേശം 2570 ഏക്കർ സ്ഥലത്താണ് വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>22.11.2022 ൽ ഡൽഹിയിൽ വെച്ച് കേന്ദ്ര വ്യോമയാന സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഗ്രീൻഫീൽഡ് വിമാനത്താവളങ്ങൾക്കായുള്ള |

| | | | |
|---|---|---|---|
| | | | സ്റ്റിയറിങ് കമ്മിറ്റി യോഗം കൂടുകയും സൈറ്റ് ക്ലിയറൻസ് അനുമതി അപേക്ഷയിന്മേൽ ചർച്ച നടക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ഉന്നയിച്ച ചില ചോദ്യങ്ങളുടെ മറുപടിയും കെഎസ്ഐഡിസി മുഖേന വ്യോമയാന മന്ത്രാലയത്തിന് അയച്ചിട്ടുണ്ട്. മന്ത്രാലയത്തിൽ നിന്നു സൈറ്റ്ക്ലിയറൻസ് ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പ്രോജക്റ്റിന്റെ അന്തിമ രൂപരേഖയും റിപ്പോർട്ടും തയാറായിട്ടുണ്ടോ; എങ്കിൽ ആയതിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും അനുമതി ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കുവേണ്ടി ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടും (ടി.ഇ.എഫ്.ആർ) പാരിസ്ഥിതിക ആഘാത പഠന (ഈ.ഐ.എ റിപ്പോർട്ടും തയാറാക്കാൻ M/s ലൂയിസ് ബെർജർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ്നെ കൺസൾട്ടന്റ് ആയി സർക്കാർ നിയോഗിച്ചിരുന്നു. കൺസൾട്ടന്റ് തയ്യാറാക്കിയ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അന്തിമ രൂപം ജൂൺ 2022 ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് (MoCA) പദ്ധതിയുടെ സൈറ്റ് ക്ലിയറൻസിനും തത്വത്തിലുള്ള അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൻമേൽ കേന്ദ്ര വ്യോമയാന മന്ത്രാലയവും, ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, എയർപ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ എന്നീ ഏജൻസികളും നടത്തിയ നിരീക്ഷണങ്ങൾക്ക് മറുപടി കെഎസ്ഐഡിസി മുഖേന നല്കിയിരുന്നു.<br><br>പദ്ധതിയുടെ മാസ്റ്റർപ്ലാൻ അനുസരിച്ച് വിമാനത്താവളത്തിന് 3500 മീറ്റർ നീളമുള്ള റൺവേയും കോഡ്-ഇ വിമാനങ്ങളുടെ പ്രവർത്തനത്തിന് അനുയോജ്യവുമാണ്. കോട്ടയം-പത്തനംതിട്ട ജില്ലകളുടെ അതിർത്തിയിൽ എരുമേലി ടൗണിന് സമീപം ചെറുവള്ളി എസ്റ്റേറ്റിലും, എസ്റ്റേറ്റിന് പുറത്ത് കുറച്ച് അധിക ഭൂമിയിലുമായി, ഏകദേശം 2570 ഏക്കർ സ്ഥലത്താണ് വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>22.11.2022 ൽ ഡൽഹിയിൽ വെച്ച് കേന്ദ്ര വ്യോമയാന സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഗ്രീൻഫീൽഡ് വിമാനത്താവളങ്ങൾക്കായുള്ള സ്റ്റിയറിങ് കമ്മിറ്റി യോഗം കൂടുകയും സൈറ്റ് ക്ലിയറൻസ് അനുമതി അപേക്ഷയിന്മേൽ ചർച്ച നടക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ഉന്നയിച്ച ചില ചോദ്യങ്ങളുടെ മറുപടിയും കെഎസ്ഐഡിസി മുഖേന വ്യോമയാന മന്ത്രാലയത്തിന് അയച്ചിട്ടുണ്ട്. മന്ത്രാലയത്തിൽ നിന്നു സൈറ്റ്ക്ലിയറൻസ് ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഇപ്പോഴത്തെ പുരോഗതി വിശദമാക്കാമോ; സ്ഥലമേറ്റെടുക്കൽ എന്നത്തേക്ക് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ? | (സി) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി സർക്കാർ ആരംഭിച്ചുകഴിഞ്ഞു. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി സൗത്ത്, മണിമല എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ഏകദേശം 2570 ഏക്കർ വിസ്തൃതിയുള്ള ഭൂമി ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് വേണ്ടി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. 2013ലെ ഭൂമിയെറ്റെടുക്കൽ നിയമപ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുവാനും, പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്താൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കാനും ഉത്തരവായിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിയുടെ സാമൂഹിക ആഘാത വിലയിരുത്തൽ പഠനം 20 ആഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കി, സാമൂഹിക ആഘാത വിലയിരുത്തൽ പ്ലാൻ സമർപ്പിക്കാൻ തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്-നെ ചുമതലപ്പെടുത്തി 23.01.2023 -ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്നും പദ്ധതിക്ക് അനുമതി ലഭിച്ച് ഏകദേശം ഒരു വർഷത്തിനകം സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ